**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഇ-പോസ് മെഷീനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരത്തകർച്ച കാരണം റേഷൻ വിതരണം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ ഗുണനിലവാര- ത്തകർച്ച കാരണം റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം നിലവിലില്ല. കണക്റ്റിവിറ്റി ഇല്ലാത്തതിനാൽ ചില സന്ദർഭങ്ങളിൽ റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ആയവ പരിഹരിച്ചിട്ടുണ്ട്. വേണ്ടത്ര പരിശോധന നടത്തിത്തന്നെയാണ് ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്.<br><br>M/s Linkwell Telesystems Pvt Ltd എന്ന കമ്പനിയാണ് ഇ-പോസ് മെഷീനുകൾ വിതരണം നടത്തിയിട്ടുള്ളത്. 2018 മുതൽ 2023 വരെ 5 വർഷത്തെക്കാണ് എ.എം.സി നിലവിലുള്ളത്. മെഷീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ഓരോ മാസവും താലൂക്ക് തലത്തിൽ കാര്യക്ഷമത സംബന്ധിച്ചുള്ള പരിശോധന നടത്തി ആയതു നൂറു ശതമാനം പരാതിരഹിതമാണെന്നു ഉറപ്പു വരുത്തി ജില്ലാ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഓരോ മാസത്തേയും സർവ്വീസ് ലെവൽ എഗ്രിമെന്റ് വിഷൻടെക് കമ്പനി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ടി വിവരം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും സപ്ലൈകോയെ അറിയിക്കുകയാണ് ചെയ്യുന്നത്.<br><br>റേഷൻകട പ്രവർത്തിക്കുന്ന പ്രദേശത്ത് വേണ്ടത്ര കവറേജ് ഇല്ലാത്ത സിംകാർഡുകൾ ചില റേഷൻകടകളിൽ ഇ-പോസ് മെഷീനിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് മാറ്റി നല്ല കവറേജ് ലഭിക്കുന്ന സിം കാർഡുകൾ ഉപയോഗിക്കുവാൻ റേഷൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം മെഷീനുകൾ വാങ്ങിയ സമയത്ത് വേണ്ടത്ര പരിശോധനകൾ നടത്താത്തതാണോ കാരണമെന്ന് | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | കരുതുന്നുണ്ടോ; | | |
| (സി) | പ്രസ്തുത മെഷീന്റെ ഓർഡർ നൽകിയത് ഏത് കമ്പനിക്കാണ്; പ്രസ്തുത കമ്പനിയുമായി എ.എം.സി. നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ്; | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (ഡി) | ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ? | (ഡി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ